പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3015 — 21.6.2013-ൽ മറുപടിക്ക്

ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, ആർ. സെൽവരാജ്<br>,, ലൂഡി ലൂയിസ്<br>,, എം. പി. വിൻസെന്റ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ ഉദ്ദേശ്യ ല ക്ഷ്യങ്ങൾ വിശദമാക്കുമോ ; | എ) തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളുടെ വികസനത്തിനായി ജനപങ്കാളിത്തത്തോടുകൂടിയുള്ള പദ്ധതികൾ ആവശ്യാധിഷ്ഠിതമായും സാമൂഹ്യ പരിഷ്കരണങ്ങളോടു കൂടിയും ഏറ്റവും വേഗത്തിൽ നടപ്പാക്കുക എന്നതാണ് ജെ.എൻ.എൻ.യു.ആർ.എം ലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ സംയോജിത പാർപ്പിട ചേരിവികസന പദ്ധതി, ബേസിക് സർവീസ് ടു അർബൻ പുവർ എന്നിവയിലൂടെ ചേരികളുടെ സമഗ്രവികസനവും ലക്ഷ്യമിടുന്നു. |
| ബി) നഗരവികസനത്തിനായി എന്തെല്ലാം നടപടികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | ബി) പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന സേവനമേഖലകൾ ഉൾപ്പെടുത്തിയിരിക്കുന്നു.<br>1. ശുദ്ധജല വിതരണം<br>2. മലിനജലനിവാരണവും നിർമ്മാർജ്ജനവും<br>3. ഖരമാലിന്യ സംസ്കരണം.<br>4. അഴുക്കുചാൽ നിർമ്മാണവും വെള്ളപ്പൊക്ക നിവാരണവും |
| സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത് ; വിശദമാക്കുമോ ; | സി) കെ.എസ്.യു.ഡി.പി മുഖേന നടപ്പിലാക്കുന്ന തിരുവനന്തപുരം നഗരത്തിലെ പദ്ധതിയുടെ 80 ശതമാനം കേന്ദ്ര സഹായവും ബാക്കി 10 ശതമാനം വീതം കേരള സർക്കാരും നഗരസഭയുമാണ് വഹിക്കേണ്ടത്. കൊച്ചിയിൽ ഇത് യഥാക്രമം 50% (കേന്ദ്രവിഹിതം) 30% (സംസ്ഥാന വിഹിതം), 20% (നഗരസഭ വിഹിതം) എന്ന രീതിയിലാണ്. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന IHSDP/ BSUP പദ്ധതികൾക്കായി ആകെ 435.16 കോടി രൂപ കേന്ദ്രസർക്കാർ നീക്കി വച്ചിട്ടുണ്ട്. ഇതിൽ 326.32 കോടി രൂപ ഇതുവരെ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഇതിന്റെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശി ക്കുന്നത് ; വിശദമാക്കുമോ ? | ഡി) | പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മന്ത്രിതലത്തിലും, കൂടാതെ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, തുടങ്ങി വകുപ്പ്തലത്തിലും, നോഡൽ ഏജൻസി തലത്തിലും അവലോകന യോഗങ്ങൾ വിളിച്ചു ചേർക്കുകയും, വിലയിരുത്തലുകളും, പദ്ധതികൾ സമയ ബന്ധിതമായി തീർക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ